"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

നമ്പർ.ഡിസി1/95/2021/തസ്വഭവ

12/05/2021,തിരുവനന്തപുരം

ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

സർ,

വിഷയം:- കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2021 -22 വാർഷിക പദ്ധതിയിൽ പ്രൊജെക്ടുകൾ ഏറ്റെടുക്കുന്നത് - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന:- 1 ) 26.04.2021 ലെ സ.ഉ. (സാധാ) നം.911/2021/തസ്വഭവ.

2 ) പ്രതിദിന കോവിഡ് എൽഎസ്ജിഡി വാർ റൂം ഓൺലൈൻ മീറ്റിങ്ങിന്റെ ഭാഗമായുള്ള 11.05.2021 ലെ മീറ്റിംഗിലെ മിനുട്സ്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 2- ലെ പ്രതിദിന കോവിഡ് എൽഎസ്ജിഡി വാർ റൂം ഓൺലൈൻ മീറ്റിങ്ങിൽ വോളന്റിയർമാർക്ക് ഇന്ധനച്ചെലവ് നല്കാൻ ചില പഞ്ചായത്തുകൾ വിസമ്മതിച്ചതായും ആയത് സംബന്ധിച്ച് ഉത്തരവുകൾ ലഭ്യമല്ലെന്നും അഭിപ്രായമുണ്ടായി. എന്നാൽ, സൂചന 1 പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 2.4 -ൽ "കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ (കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട്

പ്രവർത്തിക്കുന്നവരുടെ താമസത്തിനും യാത്രയ്ക്കും ഉള്ള ചെലവുകൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി നിയോഗിക്കുന്നവർക്കുള്ള വേതനം തുടങ്ങിയവ) " എന്ന് വ്യക്തമായി ഇക്കാര്യം വിശദീകരിക്കുന്നുമുണ്ട്. ആയതിനാൽ മേൽ ഉത്തരവിൻ്റെ വെളിച്ചത്തിൽ വോളൻ്റിനുള്ള ഇന്ധന ചെലവ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു വഹിക്കാവുന്നതാണെന്നു വ്യക്തമാക്കുന്നു.

വിശ്വസ്തതയോടെ,
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.